പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **3642** — 30.01.2014 ൽ മറുപടിയ്ക്ക്

**അമ്പലപ്പുഴയിലെ ആരാധനാലയങ്ങളിലെ കവർച്ചാശ്രമം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുന്നപ്ര സെന്റ് ഗ്രീഗോറിയോസ് പള്ളി, നീർക്കുന്നം തേവരുനട ശങ്കര നാരായണ ക്ഷേത്രം, പുന്നപ്ര സുബ്രഹ്മണ്യക്ഷേത്രം തുടങ്ങിയ ആരാധനാലയങ്ങളിൽ നടന്ന മോഷണശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ, ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;<br><br>(സി) ഇതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരെയെങ്കിലും അറസ്റ്റ് ചെയ്യുകയോ ചോദ്യം ചെയ്യുകയോ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ ? | (ബി) & (സി) | 1. നീർക്കുന്നം തേവരുനട ശങ്കരനാരായണ ക്ഷേത്രത്തിൽ 13.12.2013-ാം തീയതി രാത്രിയിൽ നടന്ന മോഷണം സംബന്ധിച്ച് അമ്പലപ്പുഴ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1745/13 u/s 457, 461, 380 IPC പ്രകാരം 14.12.2013-ൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. സംഭവസ്ഥലം ഫിംഗർ പ്രിന്റ് എക്സ്പർട്ട് സന്ദർശിച്ച ശാസ്ത്രീയ തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. മുൻ ശിക്ഷക്കാരെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും സംശയമുള്ളവരെ ചോദ്യം ചെയ്യുകയും ചെയ്തിട്ടുണ്ട്. . ടി കേസിൽ ഇതുവരെയും ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. കൂടാതെ, ഇത്തരത്തിൽ അമ്പലങ്ങൾ കേന്ദ്രീകരിച്ച് മോഷണം നടത്തുന്നവരെപ്പറ്റി ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു.<br>2. പുന്നപ്ര സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ 23.12.2013-ന് ഏതോ കള്ളന്മാർ അകത്ത് കയറി പള്ളിയിലെ രൂപക്കൂടിന് മുൻവശം |

വെച്ചിരുന്ന നേർച്ച വഞ്ചികളിൽ നിന്നും ഉദ്ദേശം 1500-ഓളം രൂപയുടെ കറൻസി നോട്ടുകളും നാണയങ്ങളും കവർച്ച ചെയ്തു എന്നതിലേക്ക് ടി പള്ളിയുടെ ട്രസ്റ്റി എം.ജി. ജോസഫ് എന്നയാളുടെ മൊഴി പ്രകാരം പുന്നപ്ര പോലീസ് സ്റ്റേഷനിൽ 1259/13 u/s 457, 461, 380 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. പ്രതികളെ സംബന്ധിച്ച് വ്യക്തമായ തെളിവുകൾ നാളിതുവരെ ലഭിച്ചിട്ടില്ലാത്തതി നാൽ ആരെയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. കേസിന്മേൽ ഊർജ്ജിത അന്വേഷണം തുടർന്നു വരുന്നു.

3. പുന്നപ്ര സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിലെ കാണിക്ക വഞ്ചിയിൽ നിന്നും ഏതാനും ചില്ലറ നാണയങ്ങൾ മാത്രമേ നഷ്ടപ്പെട്ടിട്ടുള്ളൂ എന്നും ഇത് സംബന്ധിച്ച് ക്ഷേത്ര ഭാരവാഹികൾ കേസ് ആവശ്യമില്ല എന്ന് പറയുകയാൽ ഈ സംഭവ ത്തിലേക്ക് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല

സെക്ഷൻ ഓഫീസർ